LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റിന്റെ പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റും പദ്ധതികൾ വിലയിരുത്തും. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റിന്റെ ഭാഗമായ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പും നിലവിലുണ്ട്. വിദഗ്ധരായ 20 പ്രൊഫസർമാരുടെ ഒരു പാനൽ ആണ് ഈ ഗ്രൂപ്പ്. ഇവരും പദ്ധതികളുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തും. റൂസ പദ്ധതിയുടെ ഒന്നാം ഗഡു സ്ഥാപനങ്ങൾക്ക് നൽകുകയും അവയുടെ പുരോഗതി വിലയിരുത്തുകയും അതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽനിന്നും ചെലവഴിച്ചതിന്റെ സാക്ഷ്യപത്രം ലഭിക്കുകയും ചെയ്തു. ഇപ്രകാരം ലഭിച്ച സാക്ഷ്യപത്രം കേന്ദ്ര മാനവശേഷി വികസന വകുപ്പിന് അയച്ചുകൊടുക്കുകയും അതിനുള്ള അംഗീകാരമായി 2-ാം ഗഡു സ്ഥാപനങ്ങൾക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനം നവീകരിക്കുന്നതിലേക്കായി ഡോ. രാജൻ ഗുരുക്കൾ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

പൊതുമരാമത്ത് പ്രവൃത്തികൾക്ക് ക്വാളിറ്റി ഓഡിറ്റിംഗും സോഷ്യൽ ഓഡിറ്റിംഗും

16(*406) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവൃത്തികൾക്ക് ക്വാളിറ്റി ഓഡിറ്റിംഗും സോഷ്യൽ ഓഡിറ്റിംഗും നടത്താറുണ്ടോ;

(ബി) പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്ന പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം പരിസ്ഥിതി സൗഹൃദ രീതിയിൽ ഗ്രീൻ ബിൽഡിംഗ് സങ്കല്പം അനുസരിച്ച് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജനം, അന്തരീക്ഷ-ജല മലിനീകരണം കുറയ്ക്കൽ എന്നിവ വഴി ആവാസ വ്യവസ്ഥയെയും ജൈവ വൈവിദ്ധ്യത്തെയും സംരക്ഷിച്ച് പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ക്വാളിറ്റി ഓഡിറ്റിംഗ് പൊതുമരാമത്ത് പ്രവർത്തികളിൽ നടപ്പിലാക്കി വരുന്നു. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളുടെയും പ്രവർത്തനം നടപ്പാക്കിവരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചാൽ പേമെന്റ് ക്വാളിറ്റി കൺട്രോൾ ലാബുകളുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നൽകുന്നത്. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ മേൽനോട്ടവും ആഡിറ്റിംഗും നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള സോഷ്യൽ ആഡിറ്റിംഗ് നിർബന്ധമാക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയുടെ ചില പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് സോഷ്യൽ ആഡിറ്റിംഗ് നടത്തിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനുകീഴിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ക്വാളിറ്റി കൺട്രോൾ വിംഗ് വഴി ഗുണനിലവാരപരിശോധന നടത്തുന്നുണ്ട്. ദേശീയപാത വിഭാഗം സംബന്ധിച്ചുള്ള പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ഗുണനിലവാരം നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. 5 കോടി രൂപയ്ക്ക് പുറത്തുവരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് നടത്തുവാൻ പുതുക്കിയ മാന്വൽ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നഗര റോഡുവികസന പദ്ധതികളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലാരം പരിശോധിക്കുന്നതിന് പദ്ധതികളുടെ കൺസഷണർ പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ ഇൻഡിപെൻഡന്റ് എഞ്ചിനീയറും നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

(ബി&സി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഏറ്റെടുക്കുന്ന പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം ഗ്രീൻബിൽഡിംഗ് സങ്കൽപം അനുസരിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കെട്ടിടങ്ങളുടെ രൂപകൽപ്പന ആർക്കിടെക്ചർ വിഭാഗം ചെയ്യുമ്പോൾ തന്നെ ഇതിനാവശ്യമായ ഘടകങ്ങൾ ഡിസൈനിൽ ഉൾപ്പെടുത്താറുണ്ട്. മാലിന്യ നിർമ്മാർജനത്തിനായി കേന്ദ്ര റോഡുഗതാഗത മന്ത്രാലയത്തിന്റെ 9-11-2015-ലെ RW/NH/3044/24/2015/S&R(R) നമ്പർ കത്ത്

പ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗര പരിധിയുടെ 50 കിലോ മീറ്റർ ചുറ്റളവിനകത്തു വരുന്ന ദേശീയപാതകളുടെ റീസർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട് മിക്സിൽ ചേർക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമൂലം പ്ലാസ്റ്റിക് മുഖേനയുള്ള മാലിന്യം ഒരു പരിധിവരെ കുറയ്ക്കാവുന്നതാണ്. ഒരു കിലോമീറ്റർ റോഡിന് 1000 കിലോ ശുദ്ധീകരിച്ച പ്ലാസ്റ്റിക് ഉപയോഗിക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്.

അന്യാധീനപ്പെട്ട തോട്ടംഭൂമി ഏറ്റെടുക്കുന്നതിന് സമഗ്ര നിയമനിർമ്മാണം

17(*407) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യാധീനപ്പെട്ട തോട്ടംഭൂമി ഏറ്റെടുക്കുന്നതിനായി സമഗ്ര നിയമനിർമ്മാണം കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഏറ്റെടുക്കുന്ന ഭൂമി, ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) അന്യാധീനപ്പെട്ട സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഏറ്റെടുക്കുന്ന ഭൂമിയുടെ പുനരുപയോഗം സംബന്ധിച്ച കാര്യങ്ങളും സർക്കാർ പരിശോധിച്ചുവരുന്നു.

നിർമ്മിതി കേന്ദ്രത്തിന്റെ കലവറ വിപണന കേന്ദ്രം

18(*408) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ മേഖലയിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ സ്വാധീനവും വ്യാപ്തിയും അവലോകനം ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly